"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ഭാഗ്യക്കുറി നറുക്കെടുപ്പുകളുടെ തത്സമയ സംപ്രേഷണം വി ചാനലിലും നിശ്ചിത 90 സെക്കന്റ് പരസ്യം കൈരളി ചാനലിലും നല്കിയ നടപടി സാധൂകരിച്ചും ഇപ്രകാരമുള്ള ക്രമീകരണം തുടരുന്നതിനുള്ള അനുമതി നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.**19/2026/TAXES** തീയതി,തിരുവനന്തപുരം, **14-03-2026**

---

പരാമർശം:-
1. 29.04.2021 തിയ്യതിയിലെ ജി.ഒ. (ആർടി) നം.332/2021/ടാക്സസ് നമ്പർ ഉത്തരവ്
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ **24.09.2025, 16.01.2026, 19.01.2026** തിയ്യതികളിലെ **SLTY/1956/2025-PUBA3 SL** നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ നറുക്കെടുപ്പുകളുടെ തത്സമയ സംപ്രേഷണം, പരാമർശം **(1)** സർക്കാർ ഉത്തരവ് പ്രകാരം, നിലവിൽ കൈരളി, ജയ്ഹിന്ദ്, ജീവൻ, കൗമുദി എന്നീ ചാനലുകളിലാണ് നടന്നു വരുന്നത്. ഇതിന് പ്രതിഫലമായി ഓരോ ചാനലിലും പ്രൈം ടൈമിൽ **90** സെക്കന്റ് വീതം പരസ്യം അനുവദിച്ച് വരുന്നുണ്ട്.

**2.** പ്രതിവാര ഭാഗ്യക്കുറിയുടെ സമ്മാനഘടനയിലും നറുക്കെടുപ്പിലും വന്ന പരിഷ്കാരങ്ങളെ തുടർന്ന് നറുക്കെടുപ്പിന്റെ ദൈർഘ്യം വർദ്ധിച്ച സാഹചര്യത്തിൽ, തത്സമയ സംപ്രേഷണം നടത്തിവരുന്ന കൈരളി ചാനലിന് ഇത് തുടരുന്നതിന് ചില സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നും, ആയതിനാൽ സംസ്ഥാന ഭാഗ്യക്കുറിയുടെ നറുക്കെടുപ്പിന്റെ തത്സമയ സംപ്രേഷണം അവരുടെ തന്നെ സഹ ചാനലായ വി ചാനൽ വഴി നടത്തുന്നതിന് അനുമതി നല്കണമെന്നും പരസ്യ സംപ്രേഷണം കൈരളി ടിവിയിൽ തന്നെ തുടരാമെന്നും ചാനൽ ഉടമയായ മലയാളം കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് അഭ്യർത്ഥിച്ചിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിൽ **2025** മെയ് മാസം മുതൽ സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പുകളുടെ തത്സമയ സംപ്രേഷണം വി ചാനലിലും നിശ്ചിത **90** സെക്കന്റ് പരസ്യം കൈരളി ചാനലിലും നൽകി വരികയാണെന്നും, ഭാഗ്യക്കുറി നറുക്കെടുപ്പിന്റെ തത്സമയ സംപ്രേഷണം വി ചാനലിലും നിശ്ചിത **90** സെക്കന്റ്

പരസ്യം കൈരളി ചാനലിലും നല്കിയ നടപടിക്ക് സാധൂകരണം നൽകണമെന്നും, ഇപ്രകാരമുള്ള ക്രമീകരണം തുടരുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (2) ലെ കത്തുകൾ പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 മെയ് മാസം മുതൽ സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പുകളുടെ തത്സമയ സംപ്രേഷണം മലയാളം കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡിന്റെ വി ചാനലിലും നിശ്ചിത 90 സെക്കന്റ് പരസ്യം കൈരളി ചാനലിലും നൽകിയ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ നടപടി സാധൂകരിച്ചും ഇപ്രകാരമുള്ള ക്രമീകരണം തുടരുന്നതിന് അനുമതി നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ധനകാര്യ വകുപ്പ് (08.09.2025, 09.03.2026 തീയതികളിലെ 3228937/Exp.-B1/396/2025-Fin പ്രകാരം)
5. പൊതുഭരണ (എസ്.സി.) വകുപ്പ്
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (TAXES-H1/156/2025-TAXES-Part(1))

ഉത്തരവിൻ പ്രകാരം
Signed by
Jasmine P A
Date: 14-03-2026 16:23:20
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 13-03-2026**

ഫയൽ നം. TAXES-H1/156/2025/TAXES-Part(1). ഇനം നം: 3947

വിഷയം : നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പിന്റെ തത്സമയ സംപ്രേഷണം വി ചാനലിനും പരസ്യ സംപ്രേഷണം കൈരളി ചാനലിനും നൽകിയ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നതും ഇപ്രകാരമുള്ള ക്രമീകരണം തുടരുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നൽകുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

3947

# കേരള സർക്കാർ
## (ശ്രീ) പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | TAXES-H1/156/2025-TAXES-Part(1) |
| 2 | വകുപ്പ് | : | നികുതി (എച്ച്) വകുപ്പ് |
| 3 | വിഷയം | : | സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പിന്റെ തത്സമയ സംപ്രേഷണം വി ചാനലിനും പരസ്യ സംപ്രേഷണം കൈരളി ചാനലിനും നല്കിയ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നതും ഇപ്രകാരമുള്ള ക്രമീകരണം തുടരുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കുന്നതും- സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 07/03/2026 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ<br>ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്. | : | ശ്രീ.മനോജ്.കെ |
| 8 | കരട് കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ആർ.ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 10/03/2026 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11/03/2026 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ. എൻ. ബാലഗോപാൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13/03/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13/03/2026 |
| 15 | മന്ത്രിസഭാ യോഗം തീരുമാനം എടുത്ത തീയതി | : | 13/03/2026 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

<u>**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**</u>

സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പുകളുടെ തത്സമയ സംപ്രേഷണം **2025** മെയ് മാസം മുതൽ മലയാളം കമ്യൂണിക്കേഷൻസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള വി ചാനലിലും നിശ്ചിത **90** സെക്കന്റ് പരസ്യം കൈരളി ചാനലിലും നൽകിയ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ നടപടി സാധൂകരിച്ച് നല്കുന്നതിനും ഇപ്രകാരമുള്ള ക്രമീകരണം തുടരുന്നതിന് അനുവാദം നല്കുന്നതിനും അനുമതി തേടിയുള്ളതാണ് ഈ കുറിപ്പ്.

**2.** സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ നറുക്കെടുപ്പുകളുടെ തത്സമയ സംപ്രേഷണം **26.02.2021**-ലെ സ.ഉ. (അച്ചടി) നം.**3/2021**/ഐ&പിആർഡി, **29.04.2021**-ലെ സ.ഉ. (സാധാ) നം.**332/2021**/ടാക്സസ് എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, നിലവിൽ കൈരളി, ജയ്ഹിന്ദ് ജീവൻ, കൗമുദി ചാനലുകളിലായി നടന്നുവരികയും ആയതിന് പ്രതിഫലമായി ഓരോ ചാനലിനും പ്രൈംടൈമിൽ **90** സെക്കന്റ് വീതം പരസ്യം അനുവദിച്ചു വരുന്നു.

**3.** സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനഘടനയിലും നറുക്കെടുപ്പ് ഘടനയിലും വന്ന പരിഷ്കാരങ്ങളെ തുടർന്ന് തത്സമയ സംപ്രേഷണ സമയം ദീർഘിപ്പിച്ചതിനാൽ നിലവിൽ തത്സമയ സംപ്രേഷണം നടത്തിവരുന്ന കൈരളി ചാനലിൽ തത്സമയ സംപ്രേഷണം തുടരുന്നതിന് ചില സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നും, ആയതിനാൽ സംസ്ഥാന ഭാഗ്യക്കുറിയുടെ ദീർഘിപ്പിക്കുന്ന നറുക്കെടുപ്പ് തത്സമയ സംപ്രേഷണം അവരുടെ തന്നെ സഹ ചാനലായ 'വി' ചാനൽ വഴി സംപ്രേഷണം ചെയ്യാൻ അനുവദിക്കണമെന്നും മലയാളം കമ്യൂണിക്കേഷൻസ് ലിമിറ്റഡ് അഭ്യർത്ഥിച്ചതായി സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അറിയിച്ചിരുന്നു. ഇത്തരത്തിൽ 'വി' ചാനൽ മുഖേന തത്സമയ സംപ്രേഷണം നടത്തുമ്പോൾ

പകരം പരസ്യ സംപ്രേഷണം തുടർന്നും കൈരളി ചാനലിൽ തന്നെ നടത്താമെന്ന് മലയാളം കമ്മ്യൂണിക്കേഷൻ അറിയിച്ചിട്ടുണ്ടെന്നും തത്സമയ സംപ്രേഷണം അംഗീകരിച്ചുകൊണ്ടുള്ള **29.04.2021**-ലെ സ.ഉ. (സാധാ) നം.**332/2021**/ടാക്സസ് നമ്പർ സർക്കാർ ഉത്തരവിൽ ചാനലിന്റെ പേര് കൈരളി ടിവി എന്ന് പരാമർശിച്ചിട്ടുള്ളതിനാൽ, ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള ഈ ലൈവ് ടെലികാസ്റ്റ് ചാനൽ മാറ്റത്തിനു കൂടി സർക്കാർ അംഗീകാരം ലഭ്യമാക്കണം എന്നും **13.05.2025** ലെ **SLTY/1956/2025-PUBA3 SL** നമ്പർ കത്ത് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

4. ചാനൽ സംപ്രേഷണത്തിന് അനുമതി നല്കിക്കൊണ്ട് പുറപ്പെടുവിച്ച **29.04.2021**-ലെ സ.ഉ. (സാധാ) നം.**332/2021**/ടാക്സസ് നമ്പർ ഉത്തരവ് പ്രകാരം, താൽപര്യപത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ചാനലുകളിൽ നിന്നും ലഭിച്ച അപേക്ഷകൾ വിദഗ്ധ സമിതി പരിശോധിച്ച്, അനുയോജ്യമായ ചാനലിനെ മത്സരാധിഷ്ഠിതമായി തെരഞ്ഞെടുക്കുവാനുള്ള നടപടികൾ പൂർത്തിയാക്കി അനുയോജ്യമായ ചാനലിനെ തിരഞ്ഞെടുത്ത് ലൈവ് സംപ്രേഷണം ആരംഭിക്കുന്ന കാലയളവ് വരെയാണ് **01.03.2021** മുതൽ കൈരളി, കൗമുദി, ജീവൻ ജയ്ഹിന്ദ് എന്നീ ചാനലുകളിൽ തുടർന്നുവന്നിരുന്ന തത്സമയ സംപ്രേഷണം തുടരുന്നതിന് അനുമതി നല്കിയിരുന്നത്. എന്നാൽ, ഭാഗ്യക്കുറി നറുക്കെടുപ്പുകളുടെ തത്സമയ സംപ്രേഷണത്തിൽ ഉൾപ്പെടുത്തിയിരുന്ന പ്രധാന ഘടകങ്ങളായ സംപ്രേഷണ സമയം, പരസ്യ ദൈർഘ്യം എന്നിവ മാറ്റമില്ലാതെ തുടർന്നതിനാൽ താല്ക്കാലികാനുമതിയുടെ അടിസ്ഥാനത്തിൽ തത്സമയ സംപ്രേഷണം തുടരുകയുണ്ടായി.

5. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ നറുക്കെടുപ്പുകളുടെ തത്സമയ സംപ്രേഷണം, പരസ്യ സംപ്രേഷണം, മത്സരാധിഷ്ഠിത ടെണ്ടറുകൾ പരിശോധിച്ച് തത്സമയ സംപ്രേഷണത്തിന് ചാനലുകളെ തിരഞ്ഞെടുക്കൽ

എന്നിവ സംബന്ധിച്ച ശിപാർശയിന്മേൽ നടപടികൾ സ്വീകരിച്ചുവരികയാൽ ആദ്യഘട്ടത്തിൽ ധനവകുപ്പ് അനുമതി നല്കിയിരുന്നില്ല.

6. സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പുകളുടെ തത്സമയ സംപ്രേഷണം 2025 മെയ് മാസം മുതൽ മലയാളം കമ്യൂണിക്കേഷൻസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള വി ചാനലിലും നിശ്ചിത 90 സെക്കന്റ് പരസ്യം കൈരളി ചാനലിലും നല്കിയ നടപടി സാധൂകരിച്ച് നല്കണമെന്നും ഇപ്രകാരം ക്രമീകരണം തുടരുന്നതിനുമുള്ള അനുമതി നൽകണമെന്നും 16.01.2026-ലെ SLTY/1956/2025/PUB A3 SL നമ്പർ കത്ത് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

7. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ആദ്യം നല്കിയ അഭിപ്രായം ശ്രദ്ധയിൽപ്പെടുത്തി, 2025 മെയ് മാസം മുതൽ സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പുകളുടെ തത്സമയ സംപ്രേഷണം വി ചാനലിലും നിശ്ചിത 90 സെക്കന്റ് പരസ്യം കൈരളി ചാനലിനും നൽകിയ നടപടിക്ക് സാധൂകരണം നൽകുന്നതിനും ഇപ്രകാരം ക്രമീകരണം തുടരുന്നതിനുമുള്ള അനുമതി നൽകണമെന്ന സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെ ശിപാർശയിന്മേൽ ഉചിതമായ ഉത്തരവിനുമായി ഫയൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത നിർദ്ദേശം അംഗീകരിക്കുകയുണ്ടായി.

8. തുടർന്ന്, ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തെ മറികടന്നാണ് ടി തീരുമാനം കൈക്കൊണ്ടിട്ടുള്ളത് എന്നതിനാൽ, റൂൾസ് ഓഫ് ബിസിനസ് റൂൾ 10-ലെ വ്യവസ്ഥകൾ പ്രകാരം, കരട് സർക്കാർ ഉത്തരവ് സഹിതം ഫയൽ ധനകാര്യ വകുപ്പിന് നകുന്നതിനുള്ള അനുമതി തേടി ഫയൽ വീണ്ടും ചംക്രമണം ചെയ്തപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി ചുവടെപ്പറയും പ്രകാരം ഉത്തരവാകുകയുണ്ടായി.

**"ACS(fin) for urgent remarks"**

9. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പിന് നല്കിയപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി :-

**" സംസ്ഥാന ലോട്ടറി വകുപ്പ് ഡയറക്ടറുടെ ശിപാർശ ക്യാബിനറ്റിൽ വച്ച് സാധൂകരിക്കാവുന്നതാണ് എന്ന് അറിയിക്കുന്നു. ഇതിനു ബഹു.ധനകാര്യ വകുപ്പു മന്ത്രിയുടെ അംഗീകാരമുണ്ട്.**

**വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 07/03/2026 തീയതിയിൽ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."**

## തീരുമാനമെടുക്കേണ്ട വിഷയം

1. സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പുകളുടെ തത്സമയ സംപ്രേഷണം 2025 മെയ് മാസം മുതൽ മലയാളം കമ്യൂണിക്കേഷൻസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള വി ചാനലിലും നിശ്ചിത 90 സെക്കന്റ് പരസ്യം കൈരളി ചാനലിലും നൽകിയ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ നടപടി സാധൂകരിക്കാമോ?

2. മേൽ ക്രമ നമ്പർ 1 പ്രകാരമുള്ള ക്രമീകരണം തുടരുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കാമോ?